"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പി.എസ്.സി നിയമനം - ശാരീരിക അളവ് നിഷ്കർഷിക്കുന്ന തസ്തികകളിലെ നിയമനത്തിനായുള്ള തിരഞ്ഞെടുപ്പ് - ശാരീരിക അളവ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകുന്നതിനായി സർക്കാർ/എയ്ഡഡ് കോളേജുകളിലെ സ്ഥിരം കായിക അധ്യാപകരെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ.(കൈ) നം.26/2022/P&ARD തീയതി,തിരുവനന്തപുരം, 27-11-2022

---

പരാമർശം:- കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 09.07.2020, 08.06.2021 ,08.06.2022എന്നീ തീയതികളിലെ UFR 2-3/50006/2018-KPSC-Part3 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തിരഞ്ഞെടുപ്പ് നടത്തുന്നതും നിശ്ചിത ശാരീരിക അളവ് ഒരു യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ളതുമായ തസ്തികകളിലെ നിയമനത്തിന്, നിശ്ചിത ശാരീരിക അളവ് ഇല്ലെങ്കിലും വലിയൊരു ശതമാനം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്ന തെറ്റായ പ്രവണത നിലവിലുണ്ടെന്നും, ആയത് തിരഞ്ഞെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും തടസം നേരിടുന്നതായും, കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായും പരാമർശ കത്ത് പ്രകാരം പി.എസ്.സി. സെക്രട്ടറി അറിയിച്ചിരുന്നു.

2. നിശ്ചിത ശാരീരിക അളവ് ഒരു യോഗ്യതയായി നിഷ്കർഷിക്കുന്ന തസ്തികകളിൽ അപേക്ഷ സമർപ്പിക്കുന്നത് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾ സർക്കാർ/എയ്ഡഡ് കോളേജുകളിലെ സ്ഥിരം കായികാദ്ധ്യാപകരിൽ നിന്നും ശാരീരിക അളവുകൾ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ആയതിലെ വിവരങ്ങൾ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കുവാൻ ഉദ്യാഗാർത്ഥികളോട് ആവശ്യപ്പെടാൻ പി.എസ്.സി. തീരുമാനിച്ചതായും ആകയാൽ ശാരീരിക അളവ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ/എയ്ഡഡ് കോളേജുകളിലെ സ്ഥിരം കായികാദ്ധ്യാപകരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പി.എസ്.സി. സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തിരഞ്ഞെടുപ്പ് നടത്തുന്നതും നിശ്ചിത ശാരീരിക അളവ് ഒരു യോഗ്യതയായി നിഷ്കർഷിക്കുന്നതുമായ തസ്തികകളിലെ നിയമനത്തിനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ശാരീരിക അളവ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ്(അനുബന്ധമായി

ചേർത്തിരിക്കുന്ന മാതൃകയിൽ) നൽകുന്നതിനായി സർക്കാർ/എയ്ഡഡ് കോളേജുകളിലെ സ്ഥിരം കായിക അധ്യാപകരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം )
ഉന്നത വിദ്യാഭ്യാസ വകുപ്പ് ( HEDN-F3/193/2020-HEDN ഫയലിലെ 25-01-2021 ലെ കുറിപ്പ് പ്രകാരം)
(വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ മേധാവികളെ അറിയിക്കുന്നതിനായി )
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കര വകുപ്പ് ( വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LSG GUIDE

**അനുബന്ധം**

## PHYSICAL MEASUREMENT CERTIFICATE

(Vide സ.ഉ.(കൈ) നം.26/2022/P&ARD)

I have this day, physically measured/examined Sri/Smt..........................................................................Aged .................… years, residing at.................................................................................................................... ...... ……………………………....
……………………………………………………………………………………
……………………………………………..
…………………………………………………………………………………..
……………………………………………………………………………...............
and recorded the following physical measurement standards, as shown below. I certify the same as the correct and fair measurement to the best of my experience, knowledge and belief, and also certify that it was measured according to latest metric standards,

using legally calibrated measuring units.

1. Name of the Candidate:
2. Age:
3. Height (in Cms) *barefoot*:
4. Chest Measurement *bare chest*

   *a) On full expiration (normal) in Cms:*

   *b) On full inspiration (on expansion) in Cms:*

   *c) Difference (Expansion) in Cms:*
5. Weight (in Kgm):

Date & Time of Physical Measurement taken:

LSG GUIDE

Signature:
Name:
Designation:
& PEN of Issuing Authority:

(Office Seal)